മലപ്പുറം ജില്ലയിലെ മാവേലി സ്റ്റോറുകൾ

206(3090) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ എത്ര മാവേലി സ്റ്റോറുകൾ ആരംഭിച്ചു; അത് എവിടെയെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) മലപ്പുറം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചുവെന്നും അവ ഓരോന്നും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 22 അവ താഴെ ചേർക്കുന്നു :

ക്രമ നമ്പർ	മാവേലി സ്റ്റോറിന്റെ പേര്	ഗ്രാമപഞ്ചായത്തിന്റെ പേര്
(1)	(2)	(3)
1.	അച്ചനമ്പലം	കണ്ണമംഗലം
2.	ചെട്ടിപ്പറമ്പ്	കോട്ടൂർ
3.	നടുവത്ത്	തിരുവാലി
4.	മേൽമുറി	ആലത്തൂർപടി
5.	വിളയിൽ	മൂത്തുവല്ലൂർ
6.	കുറുകോൽ	വളവന്നൂർ
7.	എരുമമുണ്ട	ചുങ്കത്തറ
8.	തച്ചിങ്ങടം	കീഴാറ്റൂർ
9.	പനങ്ങാങ്ങര	പുഴക്കാട്ടിരി
10.	പടിക്കൽ	മുന്നിയൂർ
11.	വെറ്റിലപ്പാറ	ഊർങ്ങാട്ടിരി
12.	വള്ളുവമ്പ്രം	പൂക്കോട്ടൂർ
13.	മുക്കീലപീടിക	എടയൂർ
14.	പടപ്പറമ്പ്	കുറുവ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
15.	പുതിയേടത്ത് പറമ്പ്	പുളിക്കൽ
16.	എടപ്പറ്റ	എടപ്പറ്റ
17.	കോഴിക്കോട്ടുപറമ്പ്	മങ്കട
18.	നിറമരുതൂർ	നിറമരുതൂർ
19.	പഞ്ചായത്ത്പടി	ഊരകം
20.	കാരാട്പറമ്പ്	വാഴയൂർ
21.	ചപ്പനങ്ങാടി	പൊന്മള
22.	ചക്കാലക്കുത്ത്	നിലമ്പൂർ മുൻസിപ്പാലിറ്റി

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജക മണ്ഡലത്തിൽ 3 മാവേലി സ്റ്റോർ അനുവദിക്കുകയും അവയെല്ലാം പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകുന്നത്. സർക്കാർ മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് തയ്യാറാകുന്ന മുറയ്ക്ക്, സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ന്യായവില ഷോപ്പുകളിലെ താല്ക്കാലിക തൊഴിലാളികൾ

207(3091) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ന്യായവില ഷോപ്പുകളിൽ പായ്ക്കിംഗ് സെക്ഷനിൽ ദിവസ വേതനക്കാരായ എത്ര താല്കാലിക തൊഴിലാളികളാണ് ജോലി ചെയ്ത് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ജോലി സമയവും ദിവസവേതനവും എത്രയാണെന്ന് അറിയിക്കുമോ;

(സി) തൊഴിലാളികൾക്ക് ഇ. എസ്.ഐ. ആനുകൂല്യങ്ങളോ തൊഴിൽ സുരക്ഷയോ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly